**ഏലിയാ സ്ലീവാ മൂശാക്കാലം മൂന്നാം ഞായർ**

**മത്താ 13:24-30**

# ജാഗരൂകരായിരിക്കുക

ഫാ. സ്കറിയ വേകത്താനം

യേശുവിന്റെ പ്രബോധനത്തിന്റെ അന്തസത്തയാണ് ദൈവരാജ്യം അഥവാ സ്വർഗരാജ്യം. വിശുദ്ധ മത്തായി സുവിശേഷകൻ ദൈവരാജ്യത്തെ സ്വർഗരാജ്യമെന്നാണ് വിശേഷിപ്പിക്കുന്നത്. ദൈവരാജ്യമെന്നാൽ ദൈവം ഭരണം നടത്തുന്ന ഇടം. അഥവാ ദൈവത്തെ ഭരിക്കാൻ അനുവദിക്കുന്ന അവസ്ഥ എന്നാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുക യേശുവുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെയാണ്. യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ച് ദൈവമക്കളായി ജീവിക്കുകയാണ് മാർഗം.

നന്മയും തിന്മയും തെറ്റും ശരിയും നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. നന്മ ചിന്തിക്കാനും പ്രവർത്തിക്കാനും സാധിക്കുന്ന ലോകം. അതുപോലെ തിന്മ ചിന്തിക്കാനും പ്രവർത്തിക്കാനും സാധിക്കുന്ന ലോകം. ഇത്തരം വൈരുധ്യങ്ങൾ നിറഞ്ഞ ജീവിതത്തിൽ തിന്മയെ കീഴ്പ്പെടുത്തി നന്മയിൽ വളരുമ്പോഴാണ് നമ്മുടെ ജീവിതത്തിന് അർത്ഥവും മഹത്വവും ലഭിക്കുന്നത്. സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോ 1:14-19) എന്ന് യേശു അസന്നിഗ്ധമായി ഉദ്ഘോഷിക്കുന്നതിന്റെ കാരണം ഇതുതന്നെയാണ്.

ഈ ലോകമാകുന്ന വയലിൽ മനുഷ്യപുത്രനായ യേശുക്രിസ്തു വിതച്ച നല്ല വിത്താണ് ദൈവരാജ്യത്തിന്റെ മക്കളായ നാം. എന്നാൽ അതേസമയം പിശാച് നല്ല വയിലൽ നാമറിയാതെ കളകൾ വിതയ്ക്കുന്നു. അങ്ങനെ ദുഷ്ടത പ്രവർത്തിക്കുന്ന മനുഷ്യരും ദൈവത്തിന്റെ വഴിയെ നടക്കുന്ന മനുഷ്യരും ഒന്നിച്ചാണ്, ഇടകലർന്നാണ് ജീവിക്കുന്നത്. അതിനാൽ ദുഷ്ടന്മാരുടെ സ്വാധീനത്തിൽ നല്ലവർക്കൂടി ദുഷ്ടന്മാരായിത്തീരാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് വിശുദ്ധ പൗലോസ് ഏറ്റുപറഞ്ഞത്: ആഗ്രഹിക്കുന്ന നന്മയല്ല ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നത് എന്ന്. അതെ, പൗലോസ് തന്റെ ഉറച്ച ദൈവാനുഭവത്തിൽ നിന്ന് കോറിന്തോസുകാരോട് ചോദിക്കുന്നു: നിങ്ങൾ അവിശ്വാസികളുമായി കൂട്ടുചേരരുത്. നീതിയും അനീതിയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത്? പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്? ക്രിസ്തുവിനു ബലിയാടുമായി എന്തു യോജിപ്പാണുള്ളത്? വിശ്വാസികൾക്ക് അവിശ്വാസിയുമായി എന്താണു യോജിപ്പാണുള്ളത്? വിശ്വാസികൾക്ക് അവിശ്വാസിയുമായി എന്താണു പൊതുവിലുള്ളത്? ദൈവത്തിന്റെ ആലയത്തിനു വിഗ്രഹങ്ങളുമായി എന്തു പൊരുത്തമാണുള്ളത്? നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ് (2 കോറി 6:14-16). ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ ആലയമാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ഈ ലോകത്ത് വ്യത്യസ്തനും വ്യതിരിക്തനുമായി ജീവിതസാക്ഷ്യം നല്കുമ്പോഴാണ് ദൈവരാജ്യത്തിലെ അവകാശികളും കൂട്ടവകാശികളുമായി തീരുന്നത്.

തിന്മയുടെ ആധിപത്യം അമിതമായുള്ള ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. മാതാപിതാക്കൾ മക്കളോടും മക്കൾ മാതാപിതാക്കളോടും ചെയ്യുന്ന അതിക്രമങ്ങളും കൊലപാതകങ്ങളും കുടുംബത്തകർച്ചകളും വിശ്വാസപ്രതിസന്ധിയുമെല്ലാം നന്മയുടെ ശേഷിപ്പുകളെ വികൃതമാക്കുന്നു. ഇത്തരത്തിൽ വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു: തിന്മയ്ക്കുപകരം തിന്മ ചെയ്യരുത്. ഏവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ. സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ (റോമാ 12:17–19). വിവാഹിതനായ ഒരു സഹോദരൻ കൂട്ടുകാരനോട് പറഞ്ഞു: ഞാൻ വിവാഹം കഴിക്കുന്നതിനു മുമ്പ് നരകത്തിൽ വിശ്വസിച്ചിരുന്നില്ല. കൂട്ടുകാരൻ ചോദിച്ചു: ഇപ്പോഴോ? വിവാഹിതനായ സഹോദരൻ പറഞ്ഞു: വിവാഹശേഷം ഞാൻ മനസ്സിലാക്കി എന്താണ് നരകം എന്ന്. മുകളിലേക്ക് പറന്നുകൊണ്ടിരിക്കുന്ന ഒരു ബലൂണിൽ ഇങ്ങനെ ഒരു സന്ദേശം എഴുതിയിരിക്കുന്നു: പുറത്തു കാണുന്നതല്ല, അകത്തുള്ളതാണ് നിന്നെ ഉയരങ്ങളിലേക്ക് എത്തിക്കുന്നത്. നിങ്ങളുടെ ഉള്ളം നന്മകൾ കൊണ്ടു നിറയട്ടെ എന്ന്. അതെ സഹോദരങ്ങളേ, മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ (മത്താ 3:8). തിന്മയുടെ ശക്തികളെ ചെറുത്തു തോല്പിക്കുന്നത് നന്മ ചെയ്തുകൊണ്ടാണ്. സങ്കീർണതകളും വൈരുധ്യങ്ങളും നിറഞ്ഞ ഈ ലോകജീവിതത്തിൽ പുണ്യം അഭ്യസിച്ച് സ്വർഗരാജ്യം കരസ്ഥമാക്കിയവരാണ് വിശുദ്ധാത്മാക്കൾ. നമ്മുടെ സമൂഹത്തിലെ വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ ചാവറയച്ചൻ, വിശുദ്ധ മദർ തെരേസ എന്നിങ്ങനെയുള്ള പുണ്യാത്മാക്കൾ നമുക്ക് മാർഗദീപങ്ങളാണ്. നന്മ ചെയ്തു ജീവിക്കണമെങ്കിൽ ചില സഹനങ്ങൾ നാം അനുഭവിക്കേണ്ടതായി വരും. എന്നാൽ ലഭിക്കാനിരിക്കുന്ന സ്വർഗസൗഭാഗ്യത്തോട് തുലനം ചെയ്യുമ്പോൾ ഈ ജീവിതത്തിലെ കഷ്ടപ്പാടും വേദനയും വെറും നിസ്സാരങ്ങളാണ് എന്ന വചനം നമ്മെ പഠിപ്പിക്കുന്നു. ഫ്രാൻസീസ് മാർപാപ്പാ പറയുന്നതുപോലെ കർത്താവിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും നന്മയുടെയും മുഖം പ്രതിഫലിപ്പിക്കുന്നവരാകാൻ പരിശ്രമിക്കാം. A ship is always safe at seashore. But that is not what it is built for. Albert Einstein.